## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2589

12.03.2018-ൽ മറുപടിക്ക്

### വസ്തുക്കളുടെ ഓൺലൈൻ രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | ഉത്തരം<br>ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ വസ്തുക്കളുടെ രജിസ്ട്രേഷൻ ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും ഓൺലൈൻ അക്കൗണ്ട് വഴി ശേഖരിക്കുമോ; വിശദീകരിക്കുമോ; | എ) സംസ്ഥാനത്തെ വസ്തുക്കളുടെ രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറ്റുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും ഓൺലൈനായി ശേഖരിക്കുന്നതാണ്. നിലവിൽ മുദ്രവില ഓൺലൈനായി ഒടുക്കുന്നതിലേയ്ക്കായി ഇ-സ്റ്റാമ്പിംഗ് സമ്പ്രദായവും ഫീസ് ഓൺലൈനായി ഒടുക്കുന്നതിലേയ്ക്കായി ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന (ആധാരത്തിൽ വസ്തുവിന്റെ വില 12,50,000/- രൂപയിൽ കൂടുതൽ വരുന്നത്) ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗിലൂടെ മാത്രമേ തുക ഒടുക്കാൻ സാധിക്കുകയുള്ളൂ. |
| ബി) സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുമോ; | ബി) ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല. |
| സി) ഈ സാഹചര്യത്തിൽ ആധാരമെഴുത്തുകാരുടെ വിഷയങ്ങൾ പരിശോധിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | സി) ചോദ്യം ബി)യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ